"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം**

(നിലവിൽ: ഡോ.വീണ എൻ മാധവൻ ഐ.എ.എസ് )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം -വകുപ്പിലെ 'ഡ്രൈവർ' തസ്തിക "മോട്ടോർ ഡ്രൈവർ" എന്ന് പുന:ർനാമകരണം ചെയ്തുകൊണ്ടുള്ള സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 31/2016/തൊഴിൽ, തീയതി: 05.02.2016.
2) സർക്കാർ ഉത്തരവ് (പി) നമ്പർ. 136/2019/തൊഴിൽ, തീയതി: 21.12.2019
3) 02.11.2023 തീയതിയിലെ C1/159/2020-തൊഴിൽ നമ്പരായ സർക്കാർ കത്ത്.

**ഉത്തരവ് നമ്പർ: DT/2317/2021-A3 തീയതി:07-03-2024**

സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാകുവാൻ പാടില്ലായെന്ന വ്യവസ്ഥയിൽ വ്യാവസായിക പരിശീലന വകുപ്പിലെ 'ഡ്രൈവർ' തസ്തിക "മോട്ടോർ ഡ്രൈവർ" എന്ന് പുന:ർനാമകരണം ചെയ്ത് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് Kerala Craftsmen Training Sub-ordinate Services-ൽ Rule. 6 ആയി "മോട്ടോർ ഡ്രൈവർ" തസ്തിക ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോർ ഡ്രൈവർ തസ്തികയുടെ സ്പെഷ്യൽ റൂൾ നിലവിൽ വന്ന 21.12.2019-ൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ ആകെ 25 ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളത്.

| ക്രമനമ്പര് | സ്ഥാപനം | തസ്തിക | എണ്ണം |
|---|---|---|---|
| 1 | ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഡ്രൈവര് ഗ്രേഡ്-2 (HDV) | 1 |
| 2 | ,, | ഡ്രൈവര് ഗ്രേഡ്-2 (LDV) | 2 |
| 3 | ഗവ: ഐ.ടി.ഐ ധനുവച്ചപുരം | ,, | 1 |
| 4 | ഗവ: ഐ.ടി.ഐ ആര്യനാട് | ,, | 1 |
| 5 | ഗവ: ഐ.ടി.ഐ മലയിൻകീഴ് | ,, | 1 |
| 6 | ഗവ: ഐ.ടി.ഐ ചാക്ക | ,, | 1 |
| 7 | ഗവ: ഐ.ടി.ഐ ആറ്റിങ്ങൽ | ,, | 1 |
| 8 | ഗവ: ഐ.ടി.ഐ കൊല്ലം | ,, | 1 |
| 9 | ഗവ: ഐ.ടി.ഐ ചെന്നീർക്കര | ,, | 1 |

| | | | |
|---|---|---|---|
| 10 | ഗവ: ഐ.ടി.ഐ ചെങ്ങന്നൂര് | ,, | 1 |
| 11 | ഗവ: ഐ.ടി.ഐ ഏറ്റുമാന്നൂര് | ,, | 1 |
| 12 | ഗവ: ഐ.ടി.ഐ പള്ളിക്കത്തോട് | " | 1 |
| 13 | ഗവ: ഐ.ടി.ഐ കട്ടപ്പന | ,, | 1 |
| 14 | ഗവ: ഐ.ടി.ഐ കളമശ്ശേരി | ,, | 1 |
| 15 | ഗവ: ഐ.ടി.ഐ ചാലക്കുടി | ,, | 1 |
| 16 | ഗവ: ഐ.ടി.ഐ മാള | ,, | 1 |
| 17 | ഗവ: ഐ.ടി.ഐ മലമ്പുഴ | ,, | 1 |
| 18 | ഗവ: ഐ.ടി.ഐ അരീക്കോട് | ,, | 1 |
| 19 | ഗവ: ഐ.ടി.ഐ കോഴിക്കോട് | ,, | 1 |
| 20 | ഗവ: ഐ.ടി.ഐ പേരാമ്പ്ര | ,, | 1 |
| 21 | ഗവ: ഐ.ടി.ഐ കണ്ണൂര് | ,, | 1 |
| 22 | ഗവ: ഐ.ടി.ഐ പിണറായി | ,, | 1 |
| 23 | ഗവ: ഐ.ടി.ഐ കാസറഗോഡ് | ,, | 1 |
| 24 | ഗവ: ഐ.ടി.ഐ കയ്യൂര് | ,, | 1* |

*സ്പെഷ്യൽ റിക്രൂട്ട്മെന്റിന് സൂപ്പർന്യൂമററിയായി സൃഷ്ടിച്ചത്.

ടി സാഹചര്യത്തിൽ "മോട്ടോർ ഡ്രൈവർ" തസ്തികയുടെ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിന് വിവിധ അനുമതി ഉത്തരവുകൾ തേടി സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ നിശ്ചിത യോഗ്യതയുള്ള LDV ഡ്രൈവർമാർക്ക് "മോട്ടോർ ഡ്രൈവർ "തസ്തികയിലേയ്ക്ക് തസ്തിക മാറ്റം ചട്ടപ്രകാരം റെഗുലർ ആയി അനുവദിക്കാവുന്നതും, യോഗ്യത ഇല്ലാത്ത LDV ഡ്രൈവർമാരെ ഒരു വർഷത്തിനകം നിശ്ചിത യോഗ്യത ആർജ്ജിക്കണമെന്ന വ്യവസ്ഥയിൽ KS&SSR ഭാഗം -2 ചട്ടം 9a(i)പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ തസ്തിക മാറ്റം അനുവദിക്കാവുന്നതാണ് എന്നും ഇപ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നവരെ LDV വാഹനങ്ങളുടെ പരിശീലനത്തിന് മാത്രമേ നിയോഗിക്കാവൂ എന്നും കർശനമായി വ്യവസ്ഥ ചെയ്യേണ്ടതുമാണ് എന്നും പരാമർശം 3 പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ടി തസ്തിക മാറ്റം നടപ്പിൽ വരുത്തുന്നതിനായി ചുവടെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

"മോട്ടോർ ഡ്രൈവർ" തസ്തിക സ്പെഷ്യൽ റൂൾ അനുസരിച്ച് Mechanic Motor Vehicle ട്രേഡിലെ തസ്തിക ആയതിനാൽ ആകെയുള്ള 25 ഡ്രൈവർ തസ്തികകളിൽ(ഒരു സൂപ്പർ ന്യൂമററി തസ്തിക ഉൾപ്പെടെ) 3 എണ്ണം ട്രെയിനിംഗ് ഡയറക്ടറേറ്റിലും ശേഷിക്കുന്ന 22 എണ്ണം (ഇതിൽ ഒരെണ്ണം സൂപ്പർ ന്യൂമററി തസ്തിക ആണ്) വകുപ്പിന് കീഴിലെ ഐ.ടി.ഐ കളിലും ആണ് ഉള്ളത്. ആയതിനാൽ 21.12.2019 പ്രാബല്യത്തിൽ വകുപ്പിൽ യഥാക്രമം ചുവടെ പറയുന്ന "ഡ്രൈവർ", "മോട്ടോർ ഡ്രൈവർ" തസ്തികകളാണ് ഉള്ളത്.

| ക്രമനമ്പര് | സ്ഥാപനം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|---|
| 1 | ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഡ്രൈവര് ഗ്രേഡ്-II (HDV) | 1 |
| 2 | ,, | ഡ്രൈവര് ഗ്രേഡ്-II (LDV) | 2 |
| 3 | ഗവ: ഐ.ടി.ഐ ധനുവച്ചപുരം | മോട്ടോര് ഡ്രൈവർ ഇൻ മെക്കാനിക്കൽ മോട്ടോർ വെഹിക്കിൾ ട്രേഡ് ഗ്രേഡ്-II | 1 |
| 4 | ഗവ: ഐ.ടി.ഐ ആര്യനാട് | ,, | 1 |
| 5 | ഗവ: ഐ.ടി.ഐ മലയിൻകീഴ് | ,, | 1 |
| 6 | ഗവ: ഐ.ടി.ഐ ചാക്ക | ,, | 1 |
| 7 | ഗവ: ഐ.ടി.ഐ ആറ്റിങ്ങൽ | ,, | 1 |
| 8 | ഗവ: ഐ.ടി.ഐ കൊല്ലം | ,, | 1 |
| 9 | ഗവ: ഐ.ടി.ഐ ചെന്നീർക്കര | ,, | 1 |
| 10 | ഗവ: ഐ.ടി.ഐ ചെങ്ങന്നൂര് | ,, | 1 |
| 11 | ഗവ: ഐ.ടി.ഐ ഏറ്റുമാന്നൂര് | ,, | 1 |
| 12 | ഗവ: ഐ.ടി.ഐ പള്ളിക്കത്തോട് | ,, | 1 |
| 13 | ഗവ: ഐ.ടി.ഐ കട്ടപ്പന | ,, | 1 |
| 14 | ഗവ: ഐ.ടി.ഐ കളമശ്ശേരി | ,, | 1 |
| 15 | ഗവ: ഐ.ടി.ഐ ചാലക്കുടി | ,, | 1 |
| 16 | ഗവ: ഐ.ടി.ഐ മാള | ,, | 1 |
| 17 | ഗവ: ഐ.ടി.ഐ മലമ്പുഴ | ,, | 1 |
| 18 | ഗവ: ഐ.ടി.ഐ അരീക്കോട് | ,, | 1 |
| | | | |

| | | | |
|---|---|---|---|
| 19 | ഗവ: ഐ.ടി.ഐ കോഴിക്കോട് | ,, | 1 |
| 20 | ഗവ: ഐ.ടി.ഐ പേരാമ്പ്ര | ,, | 1 |
| 21 | ഗവ: ഐ.ടി.ഐ കണ്ണൂര് | ,, | 1 |
| 22 | ഗവ: ഐ.ടി.ഐ പിണറായി | ,, | 1 |
| 23 | ഗവ: ഐ.ടി.ഐ കാസറഗോഡ് | ,, | 1 |
| 24 | ഗവ: ഐ.ടി.ഐ കയ്യൂര് | ,, | 1* |

*സ്പെഷ്യൽ റിക്രൂട്ട്മെന്റിന് സൂപ്പർന്യൂമററിയായി സൃഷ്ടിച്ചത്.

"മോട്ടോർ ഡ്രൈവർ" തസ്തികയിലേയ്ക്ക് വകുപ്പിലെ ഡ്രൈവർമാരിൽ നിന്നും തസ്തികമാറ്റ നിയമനം നടത്തണമെന്നും, വകുപ്പിലെ അനുയോജ്യരായ ഡ്രൈവർമാരുടെ അഭാവത്തിൽ മാത്രമേ വകുപ്പിലെ LGS-മാരിൽ നിന്നും, PSC മുഖേനയും "മോട്ടോർ ഡ്രൈവർ" തസ്തികയിൽ നിയമനം നടത്താവൂയെന്നും സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യുന്നു.

"മോട്ടോർ ഡ്രൈവർ" തസ്തികയുടെ യോഗ്യതകൾ:-

1. Pass in Standard VII or Equivalent qualification.
2. Must posses valid Driving Licence of 3 years standing to drive Heavy Goods / Heavy Passenger Motor Vehicle with badge.

എന്നാൽ വകുപ്പിലെ ട്രെയിനിംഗ് ഡയറക്ടറേറ്റിലെയും, ഐ.ടി.ഐ-കളിലെയും ഡ്രൈവർ (LDV) തസ്തികകളിൽ, PSC-യുടെ ഡ്രൈവർ ഗ്രേഡ്-2 (LDV) തസ്തികയിലെ ജില്ലാ തല റാങ്ക് ലിസ്റ്റുകളിൽ നിന്നും നേരിട്ടുള്ള നിയമനമാണ് നടത്തിയിട്ടുള്ളത്.

"ഡ്രൈവർ ഗ്രേഡ്-2 (LDV)" തസ്തികയുടെ യോഗ്യതകൾ:-

1. A Pass in Standard VII/III Forum.
2. Must posses valid Driving Licence of 3 years standing to drive Light Motor Vehicle with Driver's badge.

ടി സാഹചര്യത്തിൽ വകുപ്പിൽ 21.12.2019-ന് നിലവിലുള്ള ഡ്രൈവർ (LDV)-മാരിലും, 21.12.2019-ന് മുമ്പ് PSC-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 21.12.2019-ന് ശേഷം നിയമനം ലഭിച്ച/ലഭിക്കുന്ന ഡ്രൈവർ (LDV)-മാരിലും എല്ലാപേരും മോട്ടോർ ഡ്രൈവർ തസ്തികയുടെ തസ്തികമാറ്റ നിയമനത്തിന് അനുയോജ്യരായവരല്ല. ഡ്രൈവർ (LDV) തസ്തികകളാണ് മോട്ടോർ ഡ്രൈവർ തസ്തികകളായി മാറ്റപ്പെട്ടത് എന്നതിനാൽ ടി ജീവനക്കാരിൽ മോട്ടോർ ഡ്രൈവർ തസ്തികയുടെ മേൽ പറഞ്ഞ യോഗ്യത (Valid Driving Licence of 3 years standing to drive Heavy Goods / Heavy Passenger Motor Vehicle with badge) ഇല്ലാത്തവർ പ്രസ്തുത യോഗ്യത നേടുന്നതിനായി തസ്തിക മാറ്റ ഉത്തരവ് തീയതി മുതൽ ഒരു വർഷ സമയം അനുവദിക്കുന്നു.

*21.12.2019-ന് നിലവിലുള്ള 22 മോട്ടോര് ഡ്രൈവര് തസ്തികകളിലേയ്ക്ക്(ഒരെണ്ണം സൂപ്പർ ന്യൂമററി തസ്തികയാണ്) തസ്തികമാറ്റ നിയമനത്തിന് സന്നദ്ധരാകുന്ന ഡ്രൈവര്മാര് ആയതിനുള്ള നിര്ദ്ദിഷ്ട*

മാതൃകയിലെ സമ്മതപത്രം (21.12.2019-ന് സേവനത്തിൽ ഉള്ളവരും. 21.12.2019-ന് സേവനത്തിൽ ആയിരിക്കുകയും എന്നാൽ നിലവിൽ വിരമിച്ചവരും മാത്രം) സമര്പ്പിക്കേണ്ടതും, സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മോട്ടോര് ഡ്രൈവര് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നടത്തുന്നതുമാണ്.

21.12.2019-ന് നിലവിലുള്ള 22 മോട്ടോര് ഡ്രൈവര് തസ്തികകൾക്ക് വേണ്ടി 22-ൽ കൂടുതൽ ഡ്രൈവര്മാരുടെ സമ്മതപത്രം ലഭിക്കുന്ന പക്ഷം, ഡ്രൈവര് തസ്തികയിലെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ മോട്ടോര് ഡ്രൈവര് തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നടത്തുന്നതും, അവശേഷിക്കുന്ന ഡ്രൈവര്മാരെ ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ഡ്രൈവര് തസ്തികകളിൽ നിലനിർത്തുന്നതാണ്.

21.12.2019-ന് നിലവിലുള്ള 22 മോട്ടോര് ഡ്രൈവര് തസ്തികകൾക്ക് വേണ്ടി 22-ൽ കുറവ് ഡ്രൈവര്മാരുടെ സമ്മതപത്രമാണ് ലഭിക്കുന്നതെങ്കിൽ, സമ്മതപത്രം സമര്പ്പിക്കാത്ത ഡ്രൈവര്മാരെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ഡ്രൈവര് തസ്തികകളിൽ നിലനിര്ത്തുന്നതും, സമ്മതപത്രം സമര്പ്പിക്കാതെ അവശേഷിക്കുന്ന ഡ്രൈവര്മാരെ മോട്ടോര് ഡ്രൈവര് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമിക്കുന്നതുമാണ്.

(ഒപ്പ്)

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ് :

എല്ലാ സ്ഥാപന മേധാവികൾക്കും

(ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രോഫോർമയിൽ ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ വിവരവും , നിലവിലെ ജീവനക്കാരിൽ, മോട്ടോർ ഡ്രൈവർ തസ്തികയ്ക്ക് വേണ്ട അധിക യോഗ്യത ഉള്ളവരിൽ നിന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ വാങ്ങി പ്രസ്തുത വിവരവും സർവീസ് ബുക്കിൽ രേഖപ്പെടുത്തി ആയതിന്റെ പകർപ്പും കൂടി അയച്ചു തരേണ്ടതാണ്. ) Last date of submitting the application - 22-03-2024.

//ഉത്തരവിൻ പ്രകാരം//

എന്ന് സൂപ്രണ്ട്

<u>സമ്മതപത്രം/സത്യവാങ്മൂലം</u>

.................................................................................................... (പേര്, തസ്തിക) എന്ന ഞാൻ Kerala Craftsmen Training Sub-ordinate Services Rule. 6 പ്രകാരം "മോട്ടോർ ഡ്രൈവർ" തസ്തികയിൽ **സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 31/2016/തൊഴിൽ, തീയതി: 05.02.2016, സർക്കാർ ഉത്തരവ് (പി) നമ്പർ. 136/2019/തൊഴിൽ, തീയതി: 21.12.2019, 02.11.2023 തീയതിയിലെ C1/159/2020-തൊഴിൽ നമ്പരായ സർക്കാർ കത്ത്** എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് തസ്തികമാറ്റ നിയമനത്തിന് സമ്മതമാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം: ഒപ്പ്:

തീയതി: പേര്:

തസ്തിക:

സ്ഥാപനം:

//മേലൊപ്പ്//

സ്ഥാപനമേധാവി

<u>പ്രോഫോർമ</u>

| ക്രമ നം | പേര് ,തസ്തിക , സ്ഥാപനം | യോഗ്യത | റിമാർക്സ് |
|---|---|---|---|
| | | | |
| | | | |

Note: യോഗ്യത വ്യക്തമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.